# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 23

# വാർത്താക്കുറിപ്പ്

## മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് സർക്കാർ നൽകിവരുന്ന പദ്ധതി/പദ്ധതിയിതര ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് സെനറ്റ് യോഗം

സെനറ്റംഗം ശ്രീ. പി. പത്മകുമാർ അവതരിപ്പിച്ച 'സർവകലാശാലയ്ക്കുള്ള പദ്ധതി/പദ്ധതിയിതര ഗ്രാന്റുകൾ വർധിപ്പിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടുന്നു' എന്ന പ്രമേയം സെനറ്റ് ഐകകണ്ഠേന അംഗീകരിച്ചു. സർക്കാർ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ അഫിലിയേറ്റിംഗ് സർവകലാശാലയാണ് മഹാത്മാ ഗാന്ധി സർവകലാശാല. 1730 അനധ്യാപകരും 128 അധ്യാപകരും ജോലി ചെയ്യുന്ന സർവകലാശാലയിൽ നാളിതുവരെ പെൻഷനായവരുടെ എണ്ണം 1170 ആണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി സർക്കാർ അനുവദിക്കുന്ന വാർഷിക ഗ്രാന്റ് ശമ്പളത്തിനും പെൻഷനും കൊടുക്കുവാൻ മാത്രമേ തികയാറുള്ളൂ. 2018-19 സാമ്പത്തികവർഷം സർവകലാശാലയ്ക്ക് ലഭിച്ച പദ്ധതിയേതര ഗ്രാന്റ് 130 കോടി രൂപയാണ്. അതേസമയം ശമ്പളവും പെനഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി സർവകലാശാല 187 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് 57 കോടി രൂപയുടെ കുറവ്. ഫീസിനത്തിൽ നിന്ന് ലഭിക്കുന്ന ആഭ്യന്തര വരുമാനം കൊണ്ടാണ് ഈ കുറവ് സർവകലാശാല നികത്തിപ്പോന്നത്. എന്നാൽ ഓഫ് കാമ്പസ് സെന്ററുകളും സർവകലാശാലയുടെ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളും നിർത്തലാക്കേണ്ടിവന്നത് സർവകലാശാലയുടെ ആഭ്യന്തര വരുമാനത്തിൽ വളരെയധികം കുറവ് വരുത്തിയിട്ടുണ്ട്. മേൽ സാഹചര്യം ഗൗരവമായി കണക്കിലെടുത്ത് സർക്കാർ അനുവദിക്കുന്ന പദ്ധതിയേതര ഗ്രാന്റുകൾ ഉചിതമായ വർധനവ് നൽകിയാൽ മാത്രമേ സർവകലാശാലയുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതാണ് യാഥാർഥ്യം.

മേൽ സാഹചര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർവകലാശാല സർക്കാരിന് സമർപ്പിക്കുകയും തത്ഫലമായി വാർഷിക ഗ്രാന്റ് അനുവദിക്കുന്നതിൽ കേരളത്തിലെ സർവകലാശാലകൾ തമ്മിൽ നിലനിൽക്കുന്ന അന്തരം സംബന്ധിച്ച് പഠിക്കുന്നതിനായി ഒരു സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

2020-21 വർഷത്തിൽ സർവകലാശാലയിൽ നിന്ന് 104 ജീവനക്കാർ വിരമിക്കുന്നുണ്ട്. ഇതിൽ 71 പേരോളം സെക്ഷൻ ഓഫീസർ അല്ലെങ്കിൽ അതിനു മുകളിൽ പദവി വഹിക്കുന്ന ഉദ്യോഗസ്ഥരാണ്. 2020-21 വർഷത്തിൽ ശമ്പളവും (ഇതിൽ യു.ജി.സി.യുടെ ഏഴാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോളുണ്ടാകുന്ന ശമ്പളവർധനവ് കൂടി കണക്കിലെടുത്തിട്ടുണ്ട്.) പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി 258.66 കോടി രൂപ സർവകലാശാലയ്ക്ക് ആവശ്യമായി വരും. പരീക്ഷ ചെലവുകൾക്കായി 31.98 കോടി രൂപയും ഭരണ ചെലവുകൾക്കായി 31.48 കോടി രൂപയുമാണ് 2020-21 വർഷത്തെ പ്രതീക്ഷിത ചെലവുകൾ. അങ്ങനെ ആകെ 322.12 കോടി രൂപയുടെ ചെലവുകൾ പ്രതീക്ഷിക്കുന്നു. ഇതേ വർഷത്തെ പ്രതിശീർഷ വരവ് 81.50 കോടി രൂപയാണ്. മേൽ തുകയുടെ വ്യത്യാസമായ 240.62 കോടിരൂപയാണ് സർവകലാശാല നോൺ പ്ലാൻ പ്രൊപ്പോസൽ ആയി സമർപ്പിച്ചിട്ടുള്ളത്. കേരളത്തിലെ മറ്റ് സർവകലാശാലകളെ അപേക്ഷിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ഗ്രാന്റ് കുറവാണ് ലഭിക്കുന്നത്.

എയ്ഡഡ് കോഴ്സുകൾക്കായുള്ള പഠന ഭൗതിക സൗകര്യങ്ങളും അധ്യാപകരേയും അൺ എയ്ഡഡ് കോഴ്സുകൾക്കായി ഉപയോഗിക്കുന്ന കോളേജുകൾക്കെതിരെ കർശന നടപടി കൈക്കൊള്ളുമെന്ന് ചോദ്യത്തിനുള്ള ഉത്തരമായി യോഗത്തിൽ അധ്യക്ഷനായിരുന്ന പ്രൊഫ. ഡോ. സി.റ്റി. അരവിന്ദകുമാർ സെനറ്റിന് ഉറപ്പുനൽകി.

പ്രയോഗിക ഹ്രസ്വകാല കോഴ്സുകൾക്കായുള്ള പഠനവകുപ്പിൽ (ഡി.എ.എസ്.പി.) പുതിയ കോഴ്സുകൾ ആരംഭിക്കുക, സർവകലാശാല പരീക്ഷകൾക്ക് അപേക്ഷ സ്വീകരിക്കുന്ന തീയതി

(പി.ആർ.ഒ/39/2060/2019)

## യു.ജി. ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പുകൾ ഡിസംബർ രണ്ടുമുതൽ

സെനറ്റ് യോഗം താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയുണ്ടായി. വിവിധ യു.ജി. കോഴ്സുകളുടെ ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പുകൾ സിൻഡിക്കേറ്റ് മെമ്പർമാരുടെ മേൽനോട്ടത്തിൽ ഒൻപത് കേന്ദ്രങ്ങളിലായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. ഈ ക്യാമ്പുകൾ നടക്കുന്ന കോളേജുകളിലെ ഒരു അധ്യാപകനെ ക്യാമ്പ് ഡയറക്ടറായി നിയമിക്കുന്നതിനും, യൂണിവേഴ്സിറ്റിയിൽ നിന്നും ഒരു ക്യാമ്പ് ഓഫീസറെയും ആറ് വീതം ക്യാമ്പ് അസിസ്റ്റന്റിനെയും നിയമിക്കുന്നതിനും തീരുമാനിച്ചു എട്ട് ലക്ഷത്തോളം വരുന്ന ഉത്തരക്കടലാസുകളിൽ മൂന്ന്, അഞ്ച് സെമസ്റ്ററുകളുടേത് ആദ്യം മൂല്യനിർണയം നടത്തുകയും അഞ്ചാം സെമസ്റ്ററിന്റെ പരീക്ഷഫലം ഡിസംബർ അവസാനവാരത്തോടെ പ്രസിദ്ധീകരിക്കുന്നതിനും സപ്ലിമെന്ററി പരീക്ഷകൾ ജനുവരി 20ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി ക്യാമ്പിന്റെ വിശദവിവരങ്ങൾ: കോട്ടയം ക്യാമ്പ് (ബസേലിയസ് കോളേജ്), ചങ്ങനാശ്ശേരി ക്യാമ്പ് (ക്രിസ്തുജ്യോതി കോളേജ്), പാലാ ക്യാമ്പ് (അൽഫോൺസാ കോളേജ്), കോഴഞ്ചേരി ക്യാമ്പ് (സെന്റ് തോമസ് കോളേജ്), മൂവാറ്റുപുഴ ക്യാമ്പ് (നിർമ്മല കോളേജ്), ആലുവ ക്യാമ്പ് (യൂണിയൻ ക്രിസ്ത്യൻ കോളേജ്), തൃപ്പൂണിത്തുറ ക്യാമ്പ് (ചിന്മയ വിദ്യാപീഠം), കട്ടപ്പന ക്യാമ്പ് (ജെ.പി.എം. ബി.എഡ്. കോളേജ്, ലബ്ബക്കട), അടിമാലി ക്യാമ്പ് (കാർമൽഗിരി കോളേജ്)

(പി.ആർ.ഒ/39/2061/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (റഗുലർ 2018 അഡ്മിഷൻ മാത്രം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ആറുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2062/2019)

**പി.കെ. സജീവ്**
ഡെപ്യൂട്ടി രജിസ്ട്രാർ
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 23

# വാർത്താക്കുറിപ്പ്

## മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് സർക്കാർ നൽകിവരുന്ന പദ്ധതി/പദ്ധതിയിതര ഗ്രാന്റ് വർദ്ധിപ്പിക്കണമെന്ന് സെനറ്റ് യോഗം

സെനറ്റംഗം ശ്രീ. പി. പത്മകുമാർ അവതരിപ്പിച്ച 'സർവകലാശാലയ്ക്കുള്ള പദ്ധതി/പദ്ധതിയിതര ഗ്രാന്റുകൾ വർധിപ്പിക്കുവാൻ സർക്കാരിനോട് ആവശ്യപ്പെടുന്നു' എന്ന പ്രമേയം സെനറ്റ് ഐകകണ്ഠേന അംഗീകരിച്ചു. സർക്കാർ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ അഫിലിയേറ്റിംഗ് സർവകലാശാലയാണ് മഹാത്മാ ഗാന്ധി സർവകലാശാല. 1730 അനധ്യാപകരും 128 അധ്യാപകരും ജോലി ചെയ്യുന്ന സർവകലാശാലയിൽ നാളിതുവരെ പെൻഷനായവരുടെ എണ്ണം 1170 ആണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി സർക്കാർ അനുവദിക്കുന്ന വാർഷിക ഗ്രാന്റ് ശമ്പളത്തിനും പെൻഷനും കൊടുക്കുവാൻ മാത്രമേ തികയാറുള്ളൂ. 2018-19 സാമ്പത്തികവർഷം സർവകലാശാലയ്ക്ക് ലഭിച്ച പദ്ധതിയേതര ഗ്രാന്റ് 130 കോടി രൂപയാണ്. അതേസമയം ശമ്പളവും പെനഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി സർവകലാശാല 187 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. അതായത് 57 കോടി രൂപയുടെ കുറവ്. ഫീസിനത്തിൽ നിന്ന് ലഭിക്കുന്ന ആഭ്യന്തര വരുമാനം കൊണ്ടാണ് ഈ കുറവ് സർവകലാശാല നികത്തിപ്പോന്നത്. എന്നാൽ ഓഫ് കാമ്പസ് സെന്ററുകളും സർവകലാശാലയുടെ സെൽഫ് ഫിനാൻസിംഗ് കോഴ്സുകളും നിർത്തലാക്കേണ്ടിവന്നത് സർവകലാശാലയുടെ ആഭ്യന്തര വരുമാനത്തിൽ വളരെയധികം കുറവ് വരുത്തിയിട്ടുണ്ട്. മേൽ സാഹചര്യം ഗൗരവമായി കണക്കിലെടുത്ത് സർക്കാർ അനുവദിക്കുന്ന പദ്ധതിയേതര ഗ്രാന്റുകൾ ഉചിതമായ വർധനവ് നൽകിയാൽ മാത്രമേ സർവകലാശാലയുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കുകയുള്ളൂ എന്നതാണ് യാഥാർഥ്യം.

മേൽ സാഹചര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നിരവധി നിവേദനങ്ങൾ സർവകലാശാല സർക്കാരിന് സമർപ്പിക്കുകയും തത്ഫലമായി വാർഷിക ഗ്രാന്റ് അനുവദിക്കുന്നതിൽ കേരളത്തിലെ സർവകലാശാലകൾ തമ്മിൽ നിലനിൽക്കുന്ന അന്തരം സംബന്ധിച്ച് പഠിക്കുന്നതിനായി ഒരു സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

2020-21 വർഷത്തിൽ സർവകലാശാലയിൽ നിന്ന് 104 ജീവനക്കാർ വിരമിക്കുന്നുണ്ട്. ഇതിൽ 71 പേരോളം സെക്ഷൻ ഓഫീസർ അല്ലെങ്കിൽ അതിനു മുകളിൽ പദവി വഹിക്കുന്ന ഉദ്യോഗസ്ഥരാണ്. 2020-21 വർഷത്തിൽ ശമ്പളവും (ഇതിൽ യു.ജി.സി.യുടെ ഏഴാം ശമ്പള പരിഷ്ക്കരണം നടപ്പിലാക്കുമ്പോളുണ്ടാകുന്ന ശമ്പളവർധനവ് കൂടി കണക്കിലെടുത്തിട്ടുണ്ട്.) പെൻഷനും പെൻഷൻ ആനുകൂല്യങ്ങളും നൽകുന്നതിനായി 258.66 കോടി രൂപ സർവകലാശാലയ്ക്ക് ആവശ്യമായി വരും. പരീക്ഷ ചെലവുകൾക്കായി 31.98 കോടി രൂപയും ഭരണ ചെലവുകൾക്കായി 31.48 കോടി രൂപയുമാണ് 2020-21 വർഷത്തെ പ്രതീക്ഷിത ചെലവുകൾ. അങ്ങനെ ആകെ 322.12 കോടി രൂപയുടെ ചെലവുകൾ പ്രതീക്ഷിക്കുന്നു. ഇതേ വർഷത്തെ പ്രതിശീർഷ വരവ് 81.50 കോടി രൂപയാണ്. മേൽ തുകയുടെ വ്യത്യാസമായ 240.62 കോടിരൂപയാണ് സർവകലാശാല നോൺ പ്ലാൻ പ്രൊപ്പോസൽ ആയി സമർപ്പിച്ചിട്ടുള്ളത്. കേരളത്തിലെ മറ്റ് സർവകലാശാലകളെ അപേക്ഷിച്ച് മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് ഗ്രാന്റ് കുറവാണ് ലഭിക്കുന്നത്.

എയ്ഡഡ് കോഴ്സുകൾക്കായുള്ള പഠന ഭൗതിക സൗകര്യങ്ങളും അധ്യാപകരേയും അൺ എയ്ഡഡ് കോഴ്സുകൾക്കായി ഉപയോഗിക്കുന്ന കോളേജുകൾക്കെതിരെ കർശന നടപടി കൈക്കൊള്ളുമെന്ന് ചോദ്യത്തിനുള്ള ഉത്തരമായി യോഗത്തിൽ അധ്യക്ഷനായിരുന്ന പ്രൊഫ. ഡോ. സി.റ്റി. അരവിന്ദകുമാർ സെനറ്റിന് ഉറപ്പുനൽകി.

പ്രയോഗിക ഹ്രസ്വകാല കോഴ്സുകൾക്കായുള്ള പഠനവകുപ്പിൽ (ഡി.എ.എസ്.പി.) പുതിയ കോഴ്സുകൾ ആരംഭിക്കുക, സർവകലാശാല പരീക്ഷകൾക്ക് അപേക്ഷ സ്വീകരിക്കുന്ന തീയതി

(പി.ആർ.ഒ/39/2060/2019)

## യു.ജി. ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പുകൾ ഡിസംബർ രണ്ടുമുതൽ

സെനറ്റ് യോഗം താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയുണ്ടായി. വിവിധ യു.ജി. കോഴ്സുകളുടെ ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പുകൾ സിൻഡിക്കേറ്റ് മെമ്പർമാരുടെ മേൽനോട്ടത്തിൽ ഒൻപത് കേന്ദ്രങ്ങളിലായി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചു. ഈ ക്യാമ്പുകൾ നടക്കുന്ന കോളേജുകളിലെ ഒരു അധ്യാപകനെ ക്യാമ്പ് ഡയറക്ടറായി നിയമിക്കുന്നതിനും, യൂണിവേഴ്സിറ്റിയിൽ നിന്നും ഒരു ക്യാമ്പ് ഓഫീസറെയും ആറ് വീതം ക്യാമ്പ് അസിസ്റ്റന്റിനെയും നിയമിക്കുന്നതിനും തീരുമാനിച്ചു എട്ട് ലക്ഷത്തോളം വരുന്ന ഉത്തരക്കടലാസുകളിൽ മൂന്ന്, അഞ്ച് സെമസ്റ്ററുകളുടേത് ആദ്യം മൂല്യനിർണയം നടത്തുകയും അഞ്ചാം സെമസ്റ്ററിന്റെ പരീക്ഷഫലം ഡിസംബർ അവസാനവാരത്തോടെ പ്രസിദ്ധീകരിക്കുന്നതിനും സപ്ലിമെന്ററി പരീക്ഷകൾ ജനുവരി 20ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി ക്യാമ്പിന്റെ വിശദവിവരങ്ങൾ: കോട്ടയം ക്യാമ്പ് (ബസേലിയസ് കോളേജ്), ചങ്ങനാശ്ശേരി ക്യാമ്പ് (ക്രിസ്തുജ്യോതി കോളേജ്), പാലാ ക്യാമ്പ് (അൽഫോൺസാ കോളേജ്), കോഴഞ്ചേരി ക്യാമ്പ് (സെന്റ് തോമസ് കോളേജ്), മൂവാറ്റുപുഴ ക്യാമ്പ് (നിർമ്മല കോളേജ്), ആലുവ ക്യാമ്പ് (യൂണിയൻ ക്രിസ്റ്റ്യൻ കോളേജ്), തൃപ്പൂണിത്തുറ ക്യാമ്പ് (ചിന്മയ വിദ്യാപീഠം), കട്ടപ്പന ക്യാമ്പ് (ജെ.പി.എം. ബി.എഡ്. കോളേജ്, ലബ്ബക്കട), അടിമാലി ക്യാമ്പ് (കാർമൽഗിരി കോളേജ്)

(പി.ആർ.ഒ/39/2061/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് (റഗുലർ 2018 അഡ്മിഷൻ മാത്രം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ ആറുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2062/2019)

**പി.കെ. സജീവ്**
ഡെപ്യൂട്ടി രജിസ്ട്രാർ
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)